ടി.കെ ഉബൈദ്



സൂറ - 49

# അൽ ഹുജുറാത്ത്

الحجرات

## സൂക്തം 7-8

ഏതു വിഷയത്തിലും നിങ്ങൾ ദൈവദൂതനെയാണ് അനുസരിക്കേണ്ടത്; ദൈവദൂതൻ നിങ്ങളെയല്ല. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പ്രവാചകനെ മറികടന്ന് ബദ്ധപ്പെട്ട് സ്വയം തീരുമാനങ്ങളെടുത്ത് അതു നടപ്പാക്കണമെന്ന് ശഠിച്ചുകൂടാ. റസൂലിനെ അനുസരിക്കണമെന്ന് പറയുന്നത് അദ്ദേഹത്തിന്റെ ഗുണത്തിനു വേണ്ടിയല്ല, നിങ്ങളുടെ ഗുണത്തിനു വേണ്ടിയാണ്.

وَٱعۡلَمُوٓاْ أَنَّ فِيكُمۡ رَسُولَ ٱللَّهِۚ لَوۡ يُطِيعُكُمۡ فِي كَثِيرٖ مِّنَ ٱلۡأَمۡرِ لَعَنِتُّمۡ وَلَٰكِنَّ ٱللَّهَ حَبَّبَ
إِلَيۡكُمُ ٱلۡإِيمَٰنَ وَزَيَّنَهُۥ فِي قُلُوبِكُمۡ وَكَرَّهَ إِلَيۡكُمُ ٱلۡكُفۡرَ وَٱلۡفُسُوقَ وَٱلۡعِصۡيَانَۚ أُوْلَٰٓئِكَ هُمُ
ٱلرَّٰشِدُونَ ٧ فَضۡلٗا مِّنَ ٱللَّهِ وَنِعۡمَةٗۚ وَٱللَّهُ عَلِيمٌ حَكِيمٞ ٨

*7*

*ഓർത്തിരിക്കുവിൻ, നിങ്ങളിലുള്ളത് ദൈവദൂതനാകുന്നു. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങൾക്കു വഴങ്ങുന്നുവെങ്കിൽ നിങ്ങൾ തന്നെയാണ് അതുമൂലം കഷ്ടത്തിലാവുക. എന്നാൽ, അല്ലാഹു നിങ്ങളെ ഈമാനിൽ സ്നേഹമുള്ളവരാക്കുകയും അതു നിങ്ങളുടെ മനസ്സുകൾക്ക് അലങ്കാരമാക്കുകയും, സത്യനിഷേധത്തോടും പാപങ്ങളോടും നിയമ ലംഘനങ്ങളോടും നിങ്ങളെ വെറുപ്പുള്ളവരാക്കുകയും ചെയ്തിരിക്കുന്നു. ഈ ഗുണങ്ങളുള്ളവർ തന്നെയാകുന്നു വിവരവും വിവേകവുമുള്ളവർ.*

*8*

*അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹവും ഔദാര്യവുമത്രെ അത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമല്ലോ.*

| | |
|---|---|
| നിങ്ങൾ അറിയുവിൻ (ഓർത്തിരിക്കുവിൻ) | وَاعْلَمُوا |
| എന്തെന്നാൽ നിങ്ങളിൽ ഉള്ളത് ദൈവദൂതനാകുന്നു | أَنَّ فِيكُمْ رَسُولَ اللَّهِ |
| അദ്ദേഹം നിങ്ങളെ അനുസരിക്കു(ൾക്കു വഴങ്ങു)ന്നുവെങ്കിൽ | لَوْ يُطِيعُكُمْ |
| അധിക കാര്യങ്ങളിൽ (പല കാര്യങ്ങളിലും) | فِي كَثِيرٍ مِّنَ الْأَمْرِ |
| നിങ്ങൾ കഷ്ടപ്പെട്ടതുതന്നെ (അതുമൂലം നിങ്ങൾ തന്നെയാണ് കഷ്ടത്തിലാവുക) | لَعَنِتُّمْ |
| പക്ഷേ (എന്നാൽ) അല്ലാഹു | وَلَٰكِنَّ اللَّهَ |
| നിങ്ങളിലേക്ക് സ്നേഹിപ്പിച്ചു (സ്നേഹമുള്ളവരാക്കി) | حَبَّبَ إِلَيْكُمُ |

| | |
|---|---|
| സത്യവിശ്വാസം (ഈമാനിൽ) | الْإِيمَانَ |
| അതിനെ നിങ്ങളുടെ മനസ്സുകളിൽ അലങ്കാരമാക്കുകയും ചെയ്തു | وَزَيَّنَهُ فِي قُلُوبِكُمْ |
| സത്യനിഷേധ(ത്തോടും)ത്തെയും പാപങ്ങളെയും(ങ്ങളോടും) നിയമലംഘനത്തെയും(ത്തോടും) നിങ്ങളിലേക്കു വെറുപ്പിക്കുകയും (നിങ്ങളെ വെറുപ്പുള്ളവരാക്കുകയും) ചെയ്തിരിക്കുന്നു | وَكَرَّهَ إِلَيْكُمُ الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ |
| അക്കൂട്ടർ (ഈ ഗുണങ്ങളുള്ളവർ) തന്നെയാകുന്നു | أُولَٰئِكَ هُمُ |
| വിവരവും വിവേകവുമുള്ളവർ | الرَّاشِدُونَ |
| അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹ(വും)ത്താലും ഔദാര്യ(വുമത്രെ അത്)ത്താലും | فَضْلًا مِّنَ اللَّهِ وَنِعْمَةً |
| അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമല്ലോ | وَاللَّهُ عَلِيمٌ حَكِيمٌ |

**ഈമാനിനോട് സ്നേഹവും കുഫ്റിനോട് വെറുപ്പും ഉള്ളവരായിത്തീരുക ആർക്കും സ്വന്തം മഹത്വംകൊണ്ടും കഴിവുകൊണ്ടും കർമം കൊണ്ടും മാത്രം സാധിക്കുന്ന കാര്യമല്ല, അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും ഔദാര്യം കൊണ്ടും മാത്രമേ അതു ലഭിക്കൂ.**

'നിങ്ങളിൽ ദൈവദൂതനുണ്ടെന്നറിയുവിൻ' - وَاعْلَمُوا أَنَّ فِيكُمْ رَسُولَ اللَّهِ - എന്ന വാക്യം, അജ്ഞാതമായിരുന്ന ഒരു കാര്യം വെളിപ്പെടുത്തുകയല്ല. സൂക്തത്തിന്റെ അവതരണ കാലത്ത് തങ്ങൾക്കിടയിൽ പ്രവാചകനുണ്ട് എന്നറിയാത്ത ഒരു വിശ്വാസിയും ഉണ്ടായിരിക്കുകയില്ലല്ലോ. ഈ സന്ദർഭത്തിൽ റസൂലിന്റെ സാന്നിധ്യം അനുസ്മരിക്കുന്നതിന്റെ താൽപര്യമിതാണ്: അല്ലാഹു നിങ്ങളുടെ അജ്ഞതയും അവിവേകവും അകറ്റാൻ നിയോഗിക്കപ്പെട്ട ഗുരുവര്യനും നിങ്ങളെ സന്മാർഗത്തിലൂടെ നയിക്കാൻ നിയോഗിക്കപ്പെട്ട നായകനുമാണ് നിങ്ങളിലുള്ള ദൈവദൂതൻ. ഏതു വിഷയത്തിലും നിങ്ങൾ ദൈവദൂതനെയാണ് അനുസരിക്കേണ്ടത്; ദൈവദൂതൻ നിങ്ങളെയല്ല. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പ്രവാചകനെ മറികടന്ന് ബദ്ധപ്പെട്ട് സ്വയം തീരുമാനങ്ങളെടുത്ത് അതു നടപ്പാക്കണമെന്ന് ശഠിച്ചുകൂടാ. റസൂലിനെ അനുസരിക്കണമെന്ന് പറയുന്നത് അദ്ദേഹത്തിന്റെ ഗുണത്തിനു വേണ്ടിയല്ല, നിങ്ങളുടെ ഗുണത്തിനു വേണ്ടിയാണ്. വിശ്വാസികളുടെ ഇഹ-പര നന്മക്കു വേണ്ടിയുള്ള അല്ലാഹുവിന്റെ ഉപദേശ നിർദേശങ്ങളാണ് റസൂൽ നൽകിക്കൊണ്ടിരിക്കുന്നത്. പല കാര്യങ്ങളിലും റസൂൽ നിങ്ങൾക്കു വഴങ്ങുകയാണെങ്കിൽ തീർച്ചയായും നിങ്ങൾ വലിയ കഷ്ടത്തിലും നഷ്ടത്തിലും അകപ്പെട്ടുപോകും. ഹുദൈബിയാ സന്ധി തന്നെ നല്ല ഉദാഹരണമാണ്. അന്ന് കൂടെയുണ്ടായിരുന്ന വിശ്വാസികളുടെ അഭിപ്രായത്തിനു വഴങ്ങി റസൂൽ സന്ധിക്കു തയാറാവാതെ യുദ്ധത്തിലേക്ക് എടുത്തുചാടിയിരുന്നുവെങ്കിൽ അതു വലിയ ദുരന്തമാകുമായിരുന്നില്ലേ? സന്ധിക്കുശേഷം ലഭിച്ചുകൊണ്ടിരിക്കുന്ന സ്വസ്ഥതയും സമാധാനവും വിജയങ്ങളും ലഭിക്കുമായിരുന്നുവോ?!

എന്നാൽ, അല്ലാഹു നിങ്ങളിൽ സത്യവിശ്വാസത്തോട് സ്നേഹം ജനിപ്പിക്കുകയും അതു നിങ്ങളുടെ ഹൃദയങ്ങൾക്ക് അലങ്കാരമാക്കുകയും ചെയ്തിരിക്കുകയാണ്. ഇവിടെ 'ഈമാൻ' കൊണ്ട് വിവക്ഷിക്കുന്നത് വിശ്വാസത്തിന്റെ കർമവശമായ ശരീഅത്തു നിയമങ്ങളോടുള്ള വിധേയത്വമാണ്. യഥാർഥ വിശ്വാസികൾ റസൂലിൽനിന്ന് ലഭിക്കുന്ന വിധിവിലക്കുകളിൽ- ശരീഅത്തിൽ- ആകൃഷ്ടരായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. حَبَّبَ إِلَيْكُمُ الْإِيمَانَ -ന്റെ വിപരീതമാണ് كَرَّهَ إِلَيْكُمُ الْكُفْرَ. കുഫ്റിന് മൂന്നവസ്ഥകളുണ്ട്: മൗലികമായി അല്ലാഹുവിനെയും റസൂലിനെയും നിഷേധിക്കുകയാണ് ഒന്ന്. 2) അല്ലാഹുവിനെ അംഗീകരിച്ചുകൊണ്ടു തന്നെ പ്രായോഗിക ജീവിതത്തിൽ അവൻ നിശ്ചയിച്ച പരിധികളിൽനിന്ന് പുറത്തുകടക്കുക. അതാണ് فُسُوق കൊണ്ടർഥമാക്കുന്നത്. അല്ലാഹുവിലും ശരീഅത്തിലും വിശ്വസിക്കുമ്പോൾ തന്നെ ശരീഅത്തിന്റെ ധാർമിക സദാചാര നിയമങ്ങൾ ലംഘിക്കുകയാണ് മൂന്നാമത്തെ അവസ്ഥ. ഈമാൻ സമ്പൂർണമാവാൻ മുഅ്മിൻ ഈ മൂന്നു കുഫ്റുകളിൽനിന്നും മുക്തനായിരിക്കണം. എല്ലാതരം കുഫ്റുകളിൽനിന്നും മുക്തരായവരാണ് റാശിദീങ്ങൾ- വിവരവും വിവേകവുമുള്ളവർ. നേരത്തെ പറഞ്ഞ جهالة ന്റെ വിപരീതമാണ് رُشْد. ഈ വിധം ഈമാനിനോട് സ്നേഹവും കുഫ്റിനോട് വെറുപ്പും ഉള്ളവരായിത്തീരുക ആർക്കും സ്വന്തം മഹത്വംകൊണ്ടും കഴിവുകൊണ്ടും കർമം കൊണ്ടും മാത്രം സാധിക്കുന്ന കാര്യമല്ല, അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും ഔദാര്യം കൊണ്ടും മാത്രമേ അതു ലഭിക്കൂ. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും അന്ധമായി വിതരണം ചെയ്യപ്പെടുന്നതല്ല. ആർക്ക്, എപ്പോൾ, എങ്ങനെ നൽകണമെന്ന് നന്നായറിഞ്ഞ് യുക്തിയുക്തമായിട്ടാണ് അവനതു വിതരണം ചെയ്യുന്നത്. ഇതാണ് ഈ സന്ദർഭത്തിൽ وَاللَّهُ عَلِيمٌ حَكِيمٌ -ന്റെ താൽപര്യം. ●